"ഭരണഭാഷ – മാതൃഭാഷ"
(കേരളം സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ടെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം-695033, ഇ മെയിൽ: cru.dttvpm@kerala.gov.in
ഫോൺ നമ്പർ : 0471-2303856

അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(നിലവിൽ: ഷീന എസ്)

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് -ടെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - SUIIT കേരള - യിലെ മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരുടെ അഭാവം - തിരുവനന്തപുരം ആർ.ഐ സെന്ററിലെ ക്ലാർക്ക് ടൈപ്പിസ്റ്റിനെ SUIIT കേരള - യിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം :- സ്പെഷ്യൽ ഓഫീസർ, SUIIT കേരള യുടെ 19/09/2026 ലെ SUIIT/76/2026-CT നമ്പർ കത്ത്

ഉത്തരവ് നമ്പർ: DT/5037/2026 - A3, തീയതി: 08-10-2026

വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിന് ആവശ്യമുള്ള പരിശീലനം നൽകിവരുന്ന SUIIT - കേരളയിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഒരു ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികയും ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയും മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ക്ലാർക്ക് കം ടൈപ്പിസ്റ്റിലെ ഒഴിവ് 2023 മുതൽ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെങ്കിലും നാളിതുവരെ നിയമനം നടന്നിട്ടില്ല. ഇതുമൂലം, ടി സ്ഥാപനത്തിലെ ഫയലുകളും മറ്റ് മിനിസ്റ്റീരിയൽ ജോലികളും നിർവഹിക്കുന്നതിനുള്ള ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തിക ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണുള്ളത്. സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിനായി വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിൽ സേവനത്തിലുള്ള ജീവനക്കാരെ താൽക്കാലികമായി നിയോഗിച്ചുവരുന്നുണ്ടെങ്കിലും, ഇത്തരത്തിൽ താൽക്കാലികമായി ജീവനക്കാരെ നിയോഗിക്കുന്നതിലൂടെ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായും സുഗമമായും മുന്നോട്ടുകൊണ്ടുപോകുന്നതിന് പര്യാപ്തമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

SUIIT - കേരള - യുടെ ഫലപ്രദവും സുഗമവുമായ നടത്തിപ്പിനായി സ്ഥിരം തസ്തിക നിലവിലുള്ള ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തിക അടിയന്തിരമായി നികത്തേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം ആർ.ഐ. സെന്ററിൽ ക്ലാർക്ക് കം ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ശ്രീജ എസ്. നായർ (PEN: 953793)-നെ, SUIIT കേരളയിൽ നിലവിലുള്ള ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാൾ ഈ ഉത്തരവ് കൈപ്പറ്റിയ ഉടൻ SUIIT കേരളയിലെ സ്പെഷ്യൽ ഓഫീസർ മുമ്പാകെ ഹാജരായി സേവനത്തിൽ പ്രവേശിക്കേണ്ടതാണ്.

തിരുവനന്തപുരം RI സെന്ററിൽ ശ്രീമതി. ശ്രീജ എസ് നായർ വഹിച്ചിരുന്ന ചുമതല ടി സ്ഥാപനത്തിലെ സീനിയർ ക്ലാർക്ക്, ശ്രീ. സുനിൽകുമാർ ആർ (PEN: 367551) ന് കൈമാറേണ്ടതാണ്.

സ്ഥലംമാറ്റി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥ സെൻസസ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിൽ G.O (Ms) No.69/2026/GAD, തീയതി 01/07/2026 ഉത്തരവിന് വിധേയമായി ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ബാധിക്കാത്ത

വിധം സെൻസസ് ഡ്യൂട്ടി കൂടി നിർവ്വഹിക്കേണ്ടതാണ്.
2026 വർഷത്തിലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ ആവശ്യമെങ്കിൽ മേൽ സ്ഥലംമാറ്റം അനുവദിച്ചിരിക്കുന്ന സ്ഥാപനം പുന:പരിശോധിക്കുന്നതാണ്.

ഒപ്പ്/-
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ് : ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സ്ഥാപന മേധാവി മുഖേനെ)

പകർപ്പ് :

1. സ്പെഷ്യൽ ഓഫീസർ, **SUIIT** കേരള
2. ട്രെയിനിംഗ് ഓഫീസർ, ആർ.ഐ സെന്റർ തിരുവനന്തപുരം
3. ഇ-ഗവേർണൻസ് മാനേജർ, ഐ.ടി സെൽ (വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
4. കരുതൽ ഫയൽ (എ3)

//ഉത്തരവിൻ പ്രകാരം//
Digitally signed by
Sunil Kumar C S
Date: 09-10-2026
10:59:38
സീനിയർ സൂപ്രണ്ട്